# വൃദ്ധസദനം

“ഫ്ലാറ്റിലൊട്ടില്ലയിടം
വെറുതെ പാഴാക്കീടാൻ
‘മാഡ’ത്തിനാണേലേറ്റം
ചതുർഥി ‘പുരാവസ്തു’”!

വൃദ്ധയാം മാതാവിനെ
തെരുവിലുപേക്ഷിച്ചോൻ
നിരത്തി മാലോർമുന്നിൽ
പ്രാരാബ്ധ തൊടുന്യായം!

ആർക്കുമില്ലതിശയം
മൂക്കത്തു വെക്കാൻ വിരൽ!
അത്രമേൽ സാധാരണം
വൃദ്ധരെ നടതള്ളൽ!

പ്രത്യാശാനിറഗർഭ-
മെത്രനാൾ ചുമന്നിവൾ
വാത്സല്യ മധുമുഗ്ദ്ധ-
മാവോളം ചുരത്തിയോൾ

തണലു നിനക്കേകി
വെയിലേറ്റെരിഞ്ഞവൾ
പേമാരികളിലെത്ര
കുടയായ് കുതിർന്നിവൾ!

എണ്ണിയാലൊടുങ്ങാത്ത
നിശബ്ദ മാതൃത്യാഗ-
സ്മാരകം നിൻറെതനു-
വെത്രനീ മറക്കിലും!

ന്യായങ്ങളനവധി
അന്യായം ചെയ്‌വോർക്കെന്നാൽ
ശരണം വൃദ്ധക്കിനി-
അന്യൻറെ ദയത്തിണ്ണ!

എത്ര ശീതീകരണി
വെച്ചുനീതണുപ്പിക്കും
അമ്മിഴിയിന്നുതിർക്കും
തീഷ്ണമാക്കണങ്ങളെ!

“മാതാവിൻ കാൽചുവട്ടി-
ലാണുനിൻ സ്വർഗം കുഞ്ഞേ”
പ്രോജ്വല പ്രവാചക
വചനം വിളക്കല്ലോ!

വിനയാന്വിതരാവാം
വൃദ്ധരോടേറ്റം നമ്മൾ
കാരുണ്യച്ചിറകകൾ
വിരിക്കാം മടിക്കാതെ!

*downloaded from www.abdulgafoor.com*